# ഇൻ്ററ്റർസെപ്റ്റർ വാഹനം ഫ്ളാഗ് ഓഫ് ചെയ്തു.

വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുന്നതിനും അതുവഴി വാഹനഅപകടങ്ങൾ കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് കൊച്ചി റേഞ്ചിനു കീഴിൽ കൊച്ചി സിറ്റി, ആലപ്പുഴ, കോട്ടയം. ഇടുക്കി, എറണാകുളം റൂറൽ എന്നീ ജില്ലകൾക്ക് അനുവദിച്ച ഇൻ്ററ്റർസെപ്റ്റർ വാഹനങ്ങളിൽ, എറണാകുളം റൂറൽ ജില്ലയ്ക്കായി അനുവദിച്ച ഇൻ്ററ്റർസെപ്റ്റർ വാഹനം പ്രവർത്തനം ആരംഭിച്ചു. 01.10.2016 തീയ്യതി രാവിലെ ആലുവ കൺട്രോൾ റൂം പരിസരത്ത് നടന്ന ഔപചാരിക ചടങ്ങിൽ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. പി.എൻ.ഉണ്ണിരാജൻ.ഐ.പി.എസ് അവർകൾ വാഹനം ഫ്ളാഗ് ഓഫ് ചെയ്തു.

രണ്ട് ഡിജിറ്റൽ വീഡിയോ ക്യാമറകൾ ഉള്ള ടയോട്ട ഇന്നോവ വാഹനത്തിൽ ഒരു ക്യാമറ വാഹനത്തിനു മുകളിലും മറ്റോരെണ്ണം വാഹനത്തിന് അകത്തുമായാണ് ഘടിപ്പിച്ചിരിക്കുന്നത്.വാഹനത്തിൻെറ വേഗത മനസ്സിലാക്കാൻ കഴിയുന്ന ഈ ക്യാമറയ്ക്ക് ഏകദേശം 1.5 കിലോമീറ്റർ അകലെ വരെയുള്ള വാഹനങ്ങളുടെ ദൃശ്യങ്ങൾ പകർത്താനുള്ള കഴിവുണ്ട്. പകർത്തുന്ന ദൃശ്യങ്ങളിൽ സമയവും, ലൊക്കേഷനും രേഖപ്പെടുത്തുകയും ചെയ്യും.

ജില്ലാ പോലീസ് കൺട്രോൾ റൂമിനു കീഴിൽ പ്രവർത്തിക്കുന്ന ഇൻ്ററ്റർസെപ്റ്റർ വാഹനത്തിൻെറ പ്രവർത്തന സമയം രാവിലെ 8.00 മണി മുതൽ വൈകിട്ട് 6.00 മണി വരെയാണ്. ഒരു സബ്ബ് ഇൻസ്പെക്ടറും, സി.പി.ഒ ഉം ഡ്രൈവറുമാണ് വാഹനത്തിൽ ഉണ്ടാകുന്നത്.ഓരോ സബ്ബ് ഡിവിഷനുകളിലും 10 ദിവസം വീതമായിരിക്കും ഇൻ്ററ്റർസെപ്റ്റർ വാഹനത്തിൻെറ പ്രവർത്തനം. ജില്ലയിലെ വാഹനാപകടങ്ങൾ കൂടുതൽ നടക്കുന്ന സ്ഥലങ്ങളിൽ ശ്രദ്ധകൂടുതൽ നൽകിയായിരിക്കും പ്രവർത്തനം.

ഉദ്ഘാടന ചടങ്ങിൽ ബഹുമാനപ്പെട്ട നാർക്കോട്ടിക്ക് സെൽ ഡി.വൈ.എസ്.പി. വി.കെ.സനിൽ കുമാർ, ഡിസ്ട്രിക്റ്റ് ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി. ജി.വേണു,ആലുവ ഡി.വൈ.എസ്.പി കെ.ജി.ബാബു കുമാർ, ആലുവ സർക്കിൾ ഇൻസ്പെക്ടർ വിശാൽ ജോൺസൺ എന്നിവർ സംബന്ധിച്ചു.